Talented Bankers Literary Panel
പുസ്തക പരിചയം 258

നേടാനാവാത്തതായി ഒന്നുമില്ല.
ഇ കെ ഹരികുമാർ.

പുസ്തകം പരിചയപ്പെടുത്തുന്നത്,
ഉണ്ണികൃഷ്ണൻ ഐ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
ആർബിഓ 2, തൃശൂർ.

സ്റ്റേറ്റ് ബാങ്കിൽ നിന്നും റിട്ടയർ ചെയ്ത ചീഫ് ജനറൽ മാനേജർ, പ്രിയ ഹരികുമാർ സാർ എഴുതി മാതൃഭൂമി പ്രസിദ്ധീകരിച്ച പുസ്തകമാണ് "നേടാനാവാത്തതായി ഒന്നുമില്ല".
Self Help പുസ്തക വിഭാഗത്തിൽപ്പെടുത്താവുന്ന പുസ്തകം.

ആമുഖത്തിൽ പ്രശസ്ത എഴുത്തുകാരനായ ശ്രീ സേതു ഇങ്ങനെ എഴുതുന്നു "നീണ്ടകാലം വിവിധ മേഖലകളിൽ,വിവിധ തലങ്ങളിൽ വിജയകരമായി പ്രവർത്തിച്ച ഗ്രന്ഥകാരൻ സ്വന്തം തൊഴിലനുഭങ്ങളിലൂടെ ജീവിത വിജയത്തിന്റെ വാതിലിൽ തുറന്നിടുന്നു"

അതേ, തീർച്ചയായും ഇത് ജീവിത വിജയത്തിന്റെ കഥയാണ്... അധ്യാപകൻ ആകണം എന്ന് മോഹിച്ചു നടന്നൊരാൾ ബാങ്ക് ഉദ്യോഗസ്ഥൻ ആവുകയും ആദ്യത്തെ കുറച്ചു നാളിലെ മടുപ്പിന് ശേഷം, അനുഭവങ്ങളിലൂടെ, കഠിനാധ്വാനത്തിലൂടെ, ടീം വർക്കിലൂടെ, മറ്റുള്ളവരെ ബഹുമാനിച്ചുകൊണ്ട് ഉന്നതങ്ങളിൽ എത്തുന്ന വിജയകഥ...

ബാങ്ക് ജോലിയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് അധികമെങ്കിലും മറ്റുള്ള വിഭാഗങ്ങളിലെ തൊഴിലാളികളെയും ഉദാഹരണമായി എടുത്ത് പ്രൊഫഷണൽ ജീവിതത്തിലെ പല പ്രശ്നങ്ങളും പരിഹരിക്കുന്നതെങ്ങനെയെന്ന് ഇതിൽ പ്രതിപാദിക്കുന്നു.

കൃത്യമായ അറിവ് നേടുക, കൃത്യനിഷ്ഠത പാലിക്കുക, മറ്റുള്ളവരുടെ പ്രതികരണങ്ങൾ തേടി കൂടിയാലോചനകളിലൂടെ മാറ്റങ്ങൾക്ക് ശ്രമിക്കുക, ഔദ്യോഗിക കാര്യങ്ങളിൽ വരുന്ന തിരിച്ചടികളിൽ തളരാതിരിക്കുക എന്നിങ്ങനെയുള്ള നിലപാടുകൾ നല്ല ഒഴുക്കുള്ള ഭാഷയിൽ തന്റെ അനുഭവങ്ങളിലൂടെ എഴുതി അദ്ദേഹം നമ്മുടെ മനസ്സിൽ പതിച്ചു തരുന്നു.

ഹരികുമാർ സാറിനെപ്പോലെ ഒരു കോളേജ് അധ്യാപകൻ ആകാനായിരുന്നു എനിക്കും താല്പര്യം. കാര്യങ്ങൾ എന്തായാലും ഇത്രയും എത്തിയ സ്ഥിതിക്ക് മൂന്ന് കാര്യങ്ങളാണ് പ്രധാനമായും ഈ പുസ്തകം വായിച്ചതിന് ശേഷം ഞാൻ പ്രവർത്തികമാക്കാൻ പോകുന്നത്....

ഒന്നാമത്തെ പാഠം, ഒരിടത്തും പറഞ്ഞതിലും വൈകി എത്താതിരിക്കുന്ന പോലെ തന്നെ പ്രധാനമാണ്, ചിലയിടങ്ങളിൽ ഒരുപാട് നേരത്തെയെത്താതിരിക്കുക എന്നുള്ളതും. ഇത് നമ്മൾ ചെല്ലുന്നിടത്തെ ആളുകൾക്ക് ചിലപ്പോൾ ബുദ്ധിമുട്ട് ഉണ്ടാക്കുകയും അവരുടെ

തീരുമാനങ്ങളെ സ്വാധീനിക്കുകയും ചെയ്യാം. വൈകുമെന്ന ഭയത്താൽ പലയിടത്തും ഞാൻ നേരത്തെ എത്താറുണ്ട്.

രണ്ടാമത്തെ കാര്യം ആരെയെങ്കിലും കാണാൻ ചെല്ലുമ്പോൾ അവർ ചായയോ കാപ്പിയോ എന്നൊക്ക ചോദിക്കുന്നതിന്റെ ഉദ്ദേശം എന്താണെന്നുള്ളത് മനസ്സിലാക്കി പ്രവർത്തിക്കും എന്നുള്ളതാണ്...

മറ്റൊന്ന് കൂടുതൽ നല്ലൊരു കേൾവിക്കാരൻ ആകും എന്നുള്ളതാണ്. Listening skills and communication എന്നതിനെ പറ്റി ധാരാളം ക്ലാസുകളിൽ പഠിച്ചിട്ടുണ്ടെങ്കിലും ശരിക്കും അതിന്റെ ആവശ്യകത മനോഹരമായി ഈ പുസ്തകത്തിൽ അവതരിപ്പിച്ചിട്ടുണ്ട്.

വാങ്ങുക വായിക്കുക....
ആത്മവിശ്വാസത്തോടെ പ്രവർത്തിക്കുക.
നമുക്ക് നേടാനാവാത്തതായി ഒന്നുമില്ല.

ഒരു മാതൃഭൂമി പ്രസദ്ധീകരണം
വില 280/-